**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2432 19.03.2015-ൽ മറുപടിക്ക്**

**ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ സ്പെഷ്യാലിറ്റി ഒ.പി-യുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.തിലോത്തമൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ സ്പെഷ്യാലിറ്റി ഒ.പി-യുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്നും രോഗികൾക്ക് ശരിയായ പരിശോധനകളും മരുന്നുകളും ലഭിക്കുന്നില്ലെന്നുമുള്ള പരാതികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ സ്പെഷ്യാലിറ്റി ഒ.പി-യുടെ പ്രവർത്തനം ദൈനംദിനം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. രോഗികൾക്ക് ഡോക്ടർമാർ കുറിക്കുന്ന പരിശോധനകളും മരുന്നുകളും ആശുപത്രി സൗകര്യങ്ങളിൽ ഉൾപ്പെടുത്തി നൽകി വരുന്നു. പരാതികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) അടിയന്തിര ചികിത്സയ്ക്ക് എത്തുന്ന രോഗികളെ കാഷ്വാലിറ്റിയിലേയ്ക്കും അവിടെയെത്തുമ്പോൾ ഒ.പി-യിലേക്കും മാറ്റിവിട്ട് കഷ്ടപ്പെടുത്തുന്നുവെന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) അടിയന്തിര ചികിത്സയ്ക്ക് എത്തുന്ന രോഗികളെ കാഷ്വാലിറ്റി ഡ്യൂട്ടിയിലുള്ള ഡോക്ടർമാർ പരിശോധിക്കുകയും അവർക്ക് ആവശ്യമായ ചികിത്സകൾ നൽകുകയും ചെയ്യുന്നുണ്ട്. കാഷ്വാലിറ്റിയിൽ എത്തുന്ന രോഗികളെ ഒ.പിയിലേക്ക് മാറ്റിവിട്ട് കഷ്ടപ്പെടുത്തുന്നതായി പരാതികൾ ലഭിച്ചിട്ടില്ല. |

Sobha

സെക്ഷൻ ഓഫീസർ